# *കർത്താവിന്നു ഞാൻ എന്തു നല്കും?*

*നവംബർ മാസത്തിൽ ഒരു പ്രത്യേക ദിവസം അമേരിക്കയിൽ നന്ദി ചെലുത്തുന്നതിനായി വെച്ചിട്ടുണ്ട്. തീർച്ചയായും, നന്ദി സൂചിപ്പിക്കുന്നതിനെ കുറിച്ചുള്ള പ്രസംഗങ്ങൾ - പ്രത്യേകിച്ചു കർത്താവിനു നന്ദി ചെലുത്തുന്നതിനെ കുറിച്ചുള്ള പാഠങ്ങൾ - എല്ലായ്പ്പോഴും ശരിയായതു തന്നെ.*

കുടിയേറി പാർത്ത ഇംഗ്ലീഷുകാർ നടത്തിയ ആദ്യത്തെ മതപരമായ ആരാധനയെ ഓർമ്മിപ്പിക്കുന്നതും മതിപ്പുളവാക്കുന്നതുമായ കെട്ടിടങ്ങളിൽ ഒന്നു ആസ്ത്രേലിയയിലെ, സിഡ്നിയുടെ ഹൃദയ ഭാഗത്ത്, തുറമുഖത്തുനിന്നും അധികം ദൂരെയല്ലാതെ വലിയ കെട്ടിടങ്ങൾക്കിടയിൽകാണാം.

ആ ചിത്രം നിങ്ങളുടെ മനസ്സിൽ സൂക്ഷിക്കുക: ആദ്യം ബോട്ടിൽ വന്നവർ - അധികവും മുൻ കുറ്റവാളികളും അടിമകളും ആയിരിക്കാം - 1788 ജനുവരി 26-നു, അവർ ഇന്നത്തെ സിഡ്നി തുറമുഖത്തെത്തി. ഒരു കൂട്ടം കോളനി അവിടെ രൂപപ്പെടുത്തി. ഫെബ്രുവരി 3 നു അവർ ആ ദ്വീപിൽ പെട്ടെന്നു അവരുടെ താമസ സൗകര്യം ഒരുക്കി. യാത്രയിൽ അനേകം പേർ മരിച്ചുപോയി; രക്ഷപ്പെട്ട കുറെ പേർക്കു സമ്പാദ്യം ഒന്നുമില്ലായിരുന്നു. അവർക്കു മുന്നിൽ മരുഭൂമിയായിരുന്നു, പിടികൊടുക്കാതെ, കാടുകയറി താമസിക്കുവാൻ വന്ന ആളുകൾ.

നിശ്ചയിച്ച സമയത്തു, ചാപ്ളെയിൻ റിച്ചാർഡ് ജോൺസൺ, സംസാരിക്കുവാൻ എഴുന്നേറ്റു. ആ സന്ദർഭത്തിനു യോജിച്ച വേദഭാഗം എന്തായിരിക്കും? ഇയ്യോബ് 5:7 ആയാലോ: "... തീപ്പൊരി ഉയരെ പറക്കുംപോലെ, മനുഷ്യൻ കഷ്ടതക്കായി ജനിച്ചിരിക്കുന്നു"? സങ്കീർത്തനങ്ങൾ 13:1 യോജിച്ചതാണെന്നു തോന്നുന്നു: "യഹോവേ, എത്രത്തോളം നീ എന്നെ മറന്നുകൊണ്ടിരിക്കും? നീ എത്രത്തോളം നിന്റെ മുഖത്തെ ഞാൻ കാണാതെവണ്ണം മറെക്കും?" ഈ വാക്യങ്ങൾ ഒന്നും അല്ല മിസ്റ്റർ. ജോൺസൺ വായിച്ചത്. മറിച്ചു, സങ്കീർത്തനങ്ങൾ 116:12 ആണ് വായിച്ചത്: "യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന്നു എന്തു പകരം കൊടുക്കും?" ആ ആളുകളുടെ കയ്യിൽ വളരെ കുറച്ചു മാത്രമെ ഉണ്ടായിരുന്നുള്ളൂ; എന്നാൽ അവർ ജീവനുള്ളവരും സ്വതന്ത്രരും ആയിരുന്നു, അവർക്കു ഭാവി വാഗ്ദാനവുമുണ്ടായിരുന്നു. അവർക്കുണ്ടായിരുന്നതിനു അവർ നന്ദിയുള്ളവർ ആയിരുന്നു.

വളരെ - കാലം മുൻപത്തെ ആരാധനയിലേക്കുള്ള കൂടി വരവിൽ

നിന്നു നിങ്ങളുടെ ശ്രദ്ധ ഇന്നത്തെ ആരാധനയിലേക്കു തിരിക്കുക. നാം നമ്മുടെ സ്നേഹിതന്മാരുടെയും, പ്രിയപ്പെട്ടവരുടെയും, ക്രിസ്തുവിലുള്ള സഹോദരീ സഹോദരന്മാരുടെയും ഇടയിലാണ്. നാം അടിമകളല്ല, എന്നാൽ സ്വതന്ത്ര മനുഷ്യർ; നമ്മിൽ അധികവും രാഷ്ട്രീയമായി സ്വതന്ത്രരാണ്, എന്നാൽ ക്രിസ്ത്യാനികളായവർ എല്ലാം ആത്മിയമായി സ്വതന്ത്രരാണ്. കർത്താവു നമ്മെ സമൃദ്ധമായി അനുഗ്രഹിച്ചിരിക്കയാണ്. അതുകൊണ്ട് ഈ ചോദ്യത്തിനു നാം ഇരട്ടി യോഗ്യരാണ്, "കർത്താവു [നമുക്ക്] ചെയ്ത എല്ലാ ഉപകാരങ്ങൾക്കും പകരം [നാം] കർത്താവിനു എന്തു ചെയ്യും?"

## നമ്മോടുള്ള അവന്റെ ഉപകാരങ്ങൾ

"അവൻ [നമുക്ക്] ചെയ്ത ഉപകാരങ്ങൾ" ഓർത്തുകൊണ്ടു നമുക്കു തുടങ്ങാം. സമയാസമയങ്ങളിൽ, നമ്മുടെ അനുഗ്രഹങ്ങളെ നാം എണ്ണാം.

### അവന്റെ ആത്മിയ ഉപകാരങ്ങൾ

പ്രഥമവും ഏറ്റവും പ്രധാനപ്പെട്ടതുമാണ് അവൻ നമുക്കു തരുന്ന ആത്മിയ ഉപകാരങ്ങൾ. "സ്വർഗ്ഗത്തിലെ സകല ആത്മിയാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ" (എഫെസ്യർ 1:3).

ഏറ്റവും വലിയ ആത്മിയ ദാനമാണ് *അവന്റെ പുത്രനെ* ദാനമായി തന്നത്. "തന്റെ ഏക ജാതനായ പുത്രനിൽ, വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിനു, ദൈവം അവനെ നല്കുവാന്തക്കവണ്ണം, ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16). എനിക്കു മൂന്നു പെൺമക്കളുണ്ട്, എന്നാൽ അവരിൽ ഒരാളെ പോലും ഞാൻ മനുഷ്യർക്കായി നല്കുവാൻ ആഗ്രഹിച്ചില്ല. ദൈവത്തിനു ഒരേ ഒരു മകനാണുണ്ടായിരുന്നത്, അവനെ ദൈവം നമുക്കുവേണ്ടി നല്കി. "പറഞ്ഞുതീരാത്ത അവന്റെ ദാനം നിമിത്തം നമുക്കു ദൈവത്തിനു സ്തോത്രം ചെയ്യാം!" (2 കൊരിന്ത്യർ 9:15).

മറ്റൊരു മനോഹരദാനമാണ് *ബൈബിൾ* എന്നത്. ബൈബിൾ ദൈവത്തിന്റെ പൂർണ്ണവും അവസാനവുമായ വെളിപ്പാടാണ്. "... അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ ..." (2 പത്രൊസ് 1:3). ഏതു സൽപ്രവൃത്തിയും ചെയ്യുവാൻ ആവശ്യമായ വെല്ലുവിളിക്കു നമ്മെ പ്രാപ്തരാക്കുന്നതാണ് ബൈബിൾ (2 തിമൊഥെയൊസ് 3:17). നാം ആരാധിക്കുന്നവരാണ്, എങ്ങനെ ആരാധിക്കണമെന്ന് ബൈബിൾ നമ്മെ പഠിപ്പിക്കുന്നു (യോഹന്നാൻ 4:24). നാം പാപികളായ വ്യക്തികളാണ്, എങ്ങനെ രക്ഷപ്പെടാമെന്നു ബൈബിൾ നമുക്കു പറഞ്ഞുതരുന്നു (മർക്കൊസ് 16:15, 16). നാം കഷ്ടപ്പെടുന്ന ജീവികളാണ്, ഏറ്റവും വലിയ വൈദ്യനെ ബൈബിൾ വെളിപ്പെടുത്തി

തരുന്നു (മത്തായി 9:2). നാം നിരാശരാകുമ്പോൾ, ബൈബിൾ നമുക്കു ധൈര്യം പകരുന്നു. നാം ബലഹീനരാകുമ്പോൾ, അതു ശക്തി പകരുന്നു. നമുക്ക് സന്തോഷ മുള്ളപ്പോൾ, ബൈബിൾ നമ്മുടെ സന്തോഷത്തെ വർദ്ധിപ്പിക്കുന്നു. നാം നിരുത്സാഹപ്പെടുമ്പോൾ, അതു നമ്മിൽ പ്രത്യാശയുണർത്തുന്നു. നാം മരിക്കുമ്പോൾ, ദൈവകൃപയാൽ ഉള്ള ജീവൻ അതു നമുക്ക് വാഗ്ദാനം ചെയ്യുന്നു.

പിന്നെയുള്ളത്, *രക്ഷാ* ദാനമാണ്, അത് നമ്മെ അധികവും വലയം ചെയ്യുന്ന ഒരു ദാനമാണ്. “പാപത്തിന്റെ ശമ്പളം മരണമത്രേ, ദൈവ ത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നിത്യജീവൻ തന്നെ” (റോമർ 6:23).

*സഭയുടെ* ദാനം രക്ഷാദാനവുമായി ബന്ധപ്പെട്ടതാണ്: സഭ സ്വർഗ്ഗം - അയച്ചതും (എഫെസ്യർ 3:10, 11), രക്തത്താൽ - സമ്പാദിച്ചതും (പ്രവൃത്തികൾ 20:28), ആത്മാവു - നിറഞ്ഞതും (എഫെസ്യർ 2:22), തേജസ് - തിങ്ങിയതും (1 കൊരിന്ത്യർ 15:23–26). സഭ എന്നതു ആത്മിയ ഭവനവും അതിൽ നമ്മുടെ ദൈവം പിതാവും ആണ് (1 തിമൊഥെയൊസ് 3:15). അതു ക്രിസ്തു വാഴുന്ന രാജ്യമാണ് (മത്തായി 16:18, 19). നാം പണി എടുക്കേണ്ട തോട്ടമാണ് അത് (മത്തായി 20:1). നാം കർത്താവിനായി പോരാടേണ്ട ദൈവത്തിന്റെ സൈന്യമാണ് അ ത ്
(1 തിമൊഥെയൊസ് 6:12). നാം ദൈവത്തെ ആരാധിക്കേണ്ടതിനു അതു ദൈവത്തിന്റെ ആലയമാണ് (എഫെസ്യർ 2:21). അതു “സുരക്ഷിത പെട്ടകവും”[1] “സങ്കേതപട്ടണവും”[2] ആണ് അവിടെയാണ് നാം സംരക്ഷണവും രക്ഷയും കാണുന്നത് (നോക്കുക എഫെസ്യർ 2:16; പ്രവൃത്തികൾ 20:28).

“*അവന്റെ വിലയേറിയതും അതിമഹത്തുമായ വാഗ്ദാനങ്ങളും*” ഇതിനോടു കൂട്ടിച്ചേർക്കാവുന്ന, ദാനമാണ് (2 പത്രൊസ് 1:4; എംഫസിസ് മൈൻ). ബൈബിളിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ട വാഗ്ദാനം എന്താണ്? എനിക്ക് ഇഷ്ടപ്പെട്ടതിൽ ചിലതു ഇതാ:

> എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു (റോമർ 8:28).

> ഒന്നിനെ കുറിച്ചും വിചാരപ്പെടരുത്, ... എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും (ഫിലിപ്പിയർ 4:6, 7).

> ... നിങ്ങളുടെ നടപ്പു ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ, ഉള്ളതു കൊണ്ടു തൃപ്തിപ്പെടുവിൻ, “ഞാൻ നിന്നെ ഒരു നാളും കൈവിടു

കയില്ല, ഉപേക്ഷിക്കയുമില്ല," എന്നു അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലൊ. ആകയാൽ "കർത്താവു എനിക്കു തുണ, ഞാൻ പേടിക്കയില്ല. മനുഷ്യൻ എന്നോടു എന്തു ചെയ്യും?" (എബ്രായർ 13:5, 6).

അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ, നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ (1 പത്രൊസ് 5:7).

അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹന്നാൻ 1:7).

അവസാനമായി, നാം *സ്വർഗ്ഗം* എന്ന ദാനത്തിനായി നോക്കി പാർത്തിരിക്കുന്നു. ആ മനോഹര സ്ഥാനത്തു ദൈവം "[നമ്മുടെ] കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടെച്ചു കളയും; ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും, മുറവിളിയും, കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമ[ത്തേതു] കഴിഞ്ഞുപോയി" (വെളിപ്പാട് 21:4)!

**അവന്റെ ഭൗതികമായ ഉപകാരങ്ങൾ**

ദൈവത്തിന്റെ ആത്മിയ ദാനങ്ങൾ അത്ഭുതാവഹമാണ്. എങ്ങനെയായാലും, നമ്മോടുള്ള അവന്റെ ഭൗതികമായ അനുഗ്രഹങ്ങളും, അവഗണിക്കാവുന്നതല്ല.

അവൻ നമുക്കു *കുടുംബങ്ങൾ* നല്കിയിട്ടുണ്ട്: നമ്മുടെ പങ്കാളികളും മക്കളും. "സാമർത്ഥ്യമുള്ള ഭാര്യയെ, ആർക്കു കിട്ടും? അവളുടെ വില മുത്തുകളിലും ഏറും" (സദൃശവാക്യങ്ങൾ 31:10). "... ബുദ്ധിയുള്ള ഭാര്യയോ യഹോവയുടെ ദാനം" (സദൃശവാക്യങ്ങൾ 19:14). "മക്കൾ, യഹോവ നല്കുന്ന അവകാശവും ഉദരഫലം, അവൻ തരുന്ന പ്രതിഫലവും തന്നെ" (സങ്കീർത്തനങ്ങൾ 127:3). സ്വർഗ്ഗത്തിലേക്കു ഫലം പുറപ്പെടുവിക്കുന്ന മനോഹര പുഷ്പമാണ് ക്രിസ്തീയ കുടുംബം എന്നു ആരോ പറഞ്ഞിട്ടുണ്ട്.

*ജീവിതത്തിലെ ആവശ്യങ്ങൾ* നമുക്കു ദൈവമാണ് തരുന്നത്. ഗിരിപ്രഭാഷണത്തിൽ, ദൈവം നമുക്കു തരുന്നതിനെ യേശു ഊന്നി പറയുന്നുണ്ട് "അന്നന്നുവേണ്ട ആഹാരം" ദൈവമാണ് തരുന്നതു (മത്തായി 6:11). "ആകാശത്തിലെ പറവകൾക്കും" നമുക്കും അവൻ ഭക്ഷണം തരുന്നു (മത്തായി 6:26). നാം "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിച്ചാൽ," അതോടുകൂടി സകലവും തരാമെന്നു യേശു വാഗ്ദാനം ചെയ്തിരിക്കുന്നു (മത്തായി 6:33).[3]

കൂടാതെ, ദൈവം നമുക്കു *ശരീരങ്ങളും* ആവശ്യമായ ആരോഗ്യവും തരുന്നു. ദാവീദു പറഞ്ഞതുപോലെ, നാം "ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ" (സങ്കീർത്തനങ്ങൾ 139:14).

പിന്നെ, ദൈവത്തിന്റെ ദാനമായ *സമാധാനവും സ്വാതന്ത്ര്യവും* ഉണ്ട്. 1 തിമൊഥെയൊസ് 2:1, 2-ൽ, നമ്മോടു "സകല മനുഷ്യർക്കും, ... നാം സർവ്വഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിനു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി" പ്രാർത്ഥിക്കേണ്ടതു ആവശ്യമാണ് എന്നു പറഞ്ഞിട്ടുണ്ട്. പല രാജ്യങ്ങളിലും ഉള്ള ക്രിസ്ത്യാനികൾ രാഷ്ട്രീയ അനുഗ്രഹങ്ങൾ ആസ്വദിക്കുന്നതിനാൽ അവർക്കു ഓരോ ആഴ്ച്ചയിലും കൂടി വന്നു ദൈവത്തെ ആരാധിക്കുവാൻ കഴിയുന്നു.

ദൈവം നമുക്കു നല്കിയതായ *സൗന്ദര്യത്തെ* നാം മറന്നു കളയരുത്. നമുക്കു ചുറ്റും സൗന്ദര്യമുണ്ട്: സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ; കാലങ്ങളുടെ അത്ഭുതങ്ങൾ; മരങ്ങളും പൂക്കളും; പക്ഷികളും മൃഗങ്ങളും. പൗലൊസ് പരാമർശിച്ചത് "ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ ജീവനുള്ള ദൈവം ... നന്മ ചെയ്കയും, ആകാശത്തുനിന്നു മഴയും ഫലപുഷ്ടിയുള്ള കാലാവസ്ഥയും മറ്റും തരുന്നതിൽ തന്നെക്കുറിച്ചു സാക്ഷ്യം തരാതിരുന്നിട്ടില്ല ..." (പ്രവൃത്തികൾ 14:15-17).

## അപ്പോൾ, പിന്നെ, കർത്താവിനു നാം എന്തു നല്കും?

ഉപകാരസ്മരണ നമ്മെ ചോദിക്കാൻ നിർബന്ധിതനാക്കുന്നു, "കർത്താവു [നമുക്കു] നല്കിയ എല്ലാ ഉപകാരങ്ങൾക്കും പകരം [നാം] കർത്താവിനു എന്തു നല്കും?" കർത്താവിന്റെ ഔദാര്യത്തോടു നാം എങ്ങനെ പ്രതികരിക്കും? ഇതു ഊഹിക്കുക: ഒരാൾ എനിക്കു മനോഹരമായ ഒരു വീടും, ഒരു പുതിയ കാറും, ബാങ്കിൽ കുറെ പണവും ഇട്ടു തരുന്നു. പിന്നെ, ഒരു ദിവസം ഈ ഔദാര്യശീലൻ എന്നോടു എന്റെ വീട്ടിൽ ഒരു രാത്രി ചെലവഴിക്കണമെന്നു ആവശ്യപ്പെടുകയും പിറ്റെ ദിവസം രാവിലെ അദ്ദേഹത്തെ വിമാനത്താവളത്തിൽ കൊണ്ടുവിടണം എന്നും പറയുന്നു. എന്റെ പ്രതികരണം "ഇല്ല! നിങ്ങൾ കൂടുതൽ എന്നിൽ നിന്നു ആവശ്യപ്പെടുകയാണ്! അതു എന്നിലും എന്റെ ഭാര്യയിലും ഒരു ഭയങ്കര അടിച്ചേല്പിക്കൽ ആകും. എനിക്കു സമയം ഇല്ല. പുറമെ, വിമാനത്താവളത്തിൽ കാർ പാർക്ക് ചെയ്യുവാൻ ധാരാളം പണം ചെലവിടുകയും വേണം!" ചുരുക്കി പറഞ്ഞാൽ, അത്തരം പ്രതികരണം എന്റെ മൊത്തത്തിലുള്ള നന്ദിയില്ലായ്മയെ കാണിക്കുന്നു. കർത്താവു നമ്മെ സമൃദ്ധമായി അനുഗ്രഹിച്ചിരിക്കെ നാം കർത്താവിനോടു സ്പഷ്ടമായി പ്രതികരിക്കാതിരിക്കുന്നത് ഏറ്റവും വലിയ നന്ദി കേടായിരിക്കുകയില്ലേ?

### നമ്മുടെ സ്നേഹം

നാം കർത്താവിന്നു നമ്മുടെ സ്നേഹം നല്കണം. നമ്മുടെ പാഠത്തിനുള്ള വേദഭാഗം സങ്കീർത്തനങ്ങൾ 116-ൽ കാണാം. ആ സങ്കീർത്തനം തുടങ്ങുന്നതു ഈ വാക്കുകളാലാണ്: "യഹോവ എന്റെ

പ്രാർത്ഥനയും യാചനകളും കേട്ടതുകൊണ്ടു, ഞാൻ അവനെ സ്നേഹിക്കുന്നു" (വാ. 1). പുതിയ നിയമം അതിനെ ഇങ്ങനെ പറയുന്നു: "അവൻ ആദ്യം നമ്മെ സ്നേഹിച്ചതു കൊണ്ടു, നാം സ്നേഹിക്കുന്നു" (1 യോഹന്നാൻ 4:19; കെജെവി).

നമ്മുടെ പട്ടികയിൽ ആദ്യം വരുന്നതു സ്നേഹമാണ്, കാരണം സ്നേഹം മറ്റു ക്രിയാത്മക പ്രതികരണത്തെ പുറപ്പെടുവിക്കുന്നു. ഒരു ഭർത്താവും ഭാര്യയും പരസ്പരം സ്നേഹിക്കുമ്പോൾ, "വിവാഹത്തിലെ നിയമങ്ങൾ" അധികവും അവർ തന്നെ നോക്കുന്നു. നാം ദൈവത്തെ സത്യസന്ധമായി സ്നേഹിക്കുമ്പോൾ, അവനെ പ്രസാദിപ്പിക്കുവാൻ നാം എന്തും ഏതും ചെയ്യും.

**നമ്മുടെ നന്ദിചെലുത്തൽ**

നാം നമ്മുടെ നന്ദി ദൈവത്തിനു അർപ്പിക്കണം. ''യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവനു എന്തു പകരം കൊടുക്കും?'' (സങ്കീർത്തനങ്ങൾ 116:12), എന്ന് സങ്കീർത്തനക്കാരൻ ചോദിച്ചശേഷം, കുറച്ചു വാക്യങ്ങൾക്കുശേഷം അവൻ ഉത്തരവും നല്കുന്നു, "ഞാൻ നിനക്കു സ്തോത്രയാഗം കഴിച്ചു, യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും" (വാ. 17). പുതിയ നിയമത്തിൽ പൗലൊസ് എഴുതി, ''നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ, ദൈവവും പിതാവുമായവന്നു എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ" (എഫെസ്യർ 5:20).

നാം പലപ്പോഴും നന്ദി പറയുവാൻ മടിക്കും. ലോകമഹായുദ്ധം II-ൽ, ജെനറൽ ജോർജ് പാറ്റൺ അമേരിക്കൻ തേർഡ് ആർമിയിൽ നിന്നു ഒരു പടയാളിയെ വിശ്രമ പാളയത്തിലേക്ക് അയച്ചു. പടയാളി അവനോട് നന്ദി പറഞ്ഞുകൊണ്ടുള്ള ഒരു കത്തയച്ചു. ജെനറൽ പാറ്റൺ പറഞ്ഞു മുപ്പത്തി - അഞ്ചു വർഷത്തെ സൈന്യസേവനത്തിൽ, ആദ്യമായിട്ടാണ് തനിക്കു നന്ദി സൂചിപ്പിച്ചുകൊണ്ടുള്ള ഒരു കത്ത് ലഭിക്കുന്നത്. ബെഞ്ചമിൻ ഫ്രാങ്ക്ലിൻ പറഞ്ഞു, "നാം പറയുന്ന ഓരോ നിസ്സാര വാക്കിനും നാം കണക്കു കൊടുക്കേണ്ടതുള്ളതുപോലെ, ഓരോ നിസ്സാര നിശബ്ദതക്കും നാം കണക്കു കൊടുക്കണം."

**നമ്മുടെ സമയം**

നമ്മുടെ സ്നേഹവും നന്ദിയും നാം എങ്ങനെ *പ്രകടിപ്പിക്കും?* നമ്മുടെ പാഠം നമുക്ക് കഴിയുന്നതും പ്രായോഗികമാക്കാം. നമ്മുടെ സമയം നാം ദൈവത്തിനു സമർപ്പിക്കേണ്ടതുണ്ട്. പൗലൊസ് ഈ വെല്ലുവിളി തരുന്നു: ''ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല, ജ്ഞാനികളായി നടപ്പാൻ നോക്കുവിൻ, ഇതു ദുഷ്ക്കാലം ആകയാൽ, *സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ*" (എഫെസ്യർ 5:15, 16; എംഫസിസ് മൈൻ). ചിലർ എതിർത്തേക്കാം, "എന്റെ ജീവിതം എത്ര തിരക്കുള്ളതാണ് എന്ന് നിങ്ങൾക്കറിയില്ല. എനിക്കു കർത്താവിനെ ധ്യാനിക്കുവാൻ ഒട്ടും സമയമില്ല." നിങ്ങൾ ഒരു ദിവസം

ഒരു മണിക്കൂർ കിടക്കയിൽ കിടന്നു വിശ്രമിച്ചില്ലെങ്കിൽ മരിക്കുമെന്നു നിങ്ങളുടെ ഡോക്ടർ പറയുന്നു എന്നു വിചാരിക്കുക. നിങ്ങൾ മുപ്പതു മിനിറ്റ് നിങ്ങളുടെ കണ്ണുകൾ വായിച്ചു വ്യായാമം ചെയ്തില്ലെങ്കിൽ നിങ്ങൾ അന്ധനാകും എന്നു ഡോക്ടർ പറയുന്നു എന്നു വിചാരിക്കുക. നിങ്ങളുടെ കുട്ടിയെ നിങ്ങൾ ദിവസത്തിൽ ഒരു മണിക്കൂർ പഠിപ്പിച്ചില്ലെങ്കിൽ തോറ്റു പോകുമെന്നു കുട്ടിയുടെ അദ്ധ്യാപകൻ പറയുന്നു എന്നു വിചാരിക്കുക. നിങ്ങൾ സമയം കണ്ടെത്തുമോ? നിങ്ങൾക്ക് സമയം *ഉണ്ടാകു*മോ? യജമാനനു വേണ്ടി – നമുക്ക് സമയം കണ്ടെത്താൻ – അല്ലെങ്കിൽ സമയം ഉണ്ടാക്കാൻ കഴിയട്ടെ.

**നമ്മുടെ കഴിവുകൾ**

ദൈവം നമുക്കു തന്ന കഴിവുകൾ നമുക്കു ദൈവത്തിനു നല്കാം. മത്തായി 25:14–30 പഠിപ്പിക്കുന്നതു നമ്മിലെല്ലാവരിലും ദൈവം – നല്കിയ കഴിവുകൾ ഉണ്ടെന്നും അതു നാം ദൈവ മഹത്വത്തിനായി ഉപയോഗിക്കണം എന്നുമാണ്. ആ ഉപമയിൽ, ഒരു – താലന്തു ലഭിച്ച യാൾ അതു കുഴിച്ചിട്ടു. നമ്മുടെ കഴിവുകൾ സ്വാർത്ഥതയിലും, അനാസ്ഥയിലും, ശീതോഷ്ണത്തിലും, ലൗകികതയിലും, അല്ലെങ്കിൽ അഭക്തിയിലും കുഴിച്ചിടാതിരിക്കാം അങ്ങനെ കുറ്റബോധമില്ലാത്തവരാകാം.

**നമ്മുടെ പണം**

നാം നമ്മുടെ ലൗകിക സമ്പാദ്യങ്ങളും ദൈവത്തിനു നല്കണം. പ്രവൃത്തികൾ 2-ൽ ആദ്യക്രിസ്ത്യാനികൾ സന്തോഷമുള്ളവരായിരുന്നു എന്നു വിവരിച്ചിരിക്കുന്നു: “ഒരുമനപ്പെട്ടു ദിനമ്പ്രതി വീട്ടിൽ അപ്പം നുറുക്കിക്കൊണ്ടു ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു...” (വാ. 46). അനുഗ്രഹങ്ങളെ കണക്കാക്കി, അവരുടെ സമ്പാദ്യം മറ്റുള്ളവരുമായി പങ്കിടുവാൻ അവർ മടിച്ചില്ല “അവനവനു ആവശ്യമുള്ളതുപോലെ പങ്കിട്ടു” (വാ. 45). 2 കൊരിന്ത്യർ 8 പ്രകാരം, മക്കെദോന്യയിലെ ക്രിസ്ത്യാനികൾ ‘‘സന്തോഷ സമൃദ്ധി’’ യിലാകുവാൻ കാരണം അവരുടെ “സമ്പത്ത് പ്രാപ്തിക്കുമീതേ കൊടുക്കുവാൻ താല്പര്യം കാണിച്ചു.’’ (വാ. 2). നാം നമ്മുടെ ഭൗതികമായ അനുഗ്രഹങ്ങൾ ദൈവത്തിനായി കൊടുക്കുന്നതു കവിയുന്നില്ലെങ്കിൽ നമ്മുടെ സ്നേഹം പൊള്ളയാണ്.

**നമ്മുടെ സകലവും**

ധാരാളം പറയുവാൻ കഴിയും. നമ്മുടെ “എല്ലാം” നാം കർത്താവിനു നല്കേണ്ടതാണ് എന്നു പറഞ്ഞു കൊണ്ട് നമ്മുടെ പ്രതികരണം ചുരുക്കാം (നോക്കുക മത്തായി 27:37). നമ്മുടെ വേദഭാഗത്തിലേക്കു അവസാനമായി ഒന്നുകൂടെ തിരിച്ചുവരാം. “യഹോവക്കു ഞാൻ എന്തു പകരം ചെയ്യും,” എന്നു എഴുത്തുകാരൻ ചോദിച്ച ശേഷം എഴുത്തുകാരൻ പറഞ്ഞു, “യഹോവക്കു ഞാൻ എന്റെ നേർച്ചകളെ കഴിക്കും” (വാക്യം 116:14; കൂടാതെ വാ. 18 ഉം നോക്കുക). മറ്റൊരർത്ഥത്തിൽ, അവൻ പറഞ്ഞതു, “ഞാൻ യഹോവക്കു നേർന്നതെല്ലാം കഴിക്കും.”

നിങ്ങളും ഞാനും ക്രിസ്ത്യാനികളായപ്പോൾ, നാം യേശുവിനെ കർത്താവായി ഏറ്റു പറഞ്ഞു (പ്രവൃത്തികൾ 8:36–38; റോമർ 10:9, 10). ആ ഏറ്റുപറച്ചലിലും തുടർന്ന് ഏറ്റ സ്നാനത്തിലും, നാം നമ്മുടെ ജീവിതം കർത്താവിന്നായി സമർപ്പിച്ചു. ചുരുക്കത്തിൽ, അവന്റെ ഇഷ്ടം ചെയ്യാൻ നാം എപ്പോഴും തയ്യാറായിരുന്നു.

**ഉപസംഹാരം**

ഫ്രാൻസെസ് ഈ. ഹാവെർഗൽ എഴുതി,

കർത്താവേ, എന്റെ ജീവിതം എടുത്തു,
അതിനെ പവിത്രീകരിക്കൂ;
എന്റെ കൈകളെ, നിന്റെ സ്നേഹത്തിന്റെ
പ്രചോദനമാക്കി ത്തീർക്കൂ.

എന്റെ ഇഷ്ടം, നിന്റേതാക്കി തീർക്കേണമേ,
അതു ഇനി ഒരിക്കലും എന്റേതല്ല;
എന്റെ ഹൃദയത്തെ, നിന്റെ സ്വന്തമാക്കൂ,
അതു നിന്റെ സിംഹാസനത്തിലിരിക്കും.

എന്റെ സ്നേഹം, സ്വീകരിക്ക, കർത്താവേ;
ഞാൻ അതു നിന്റെ പാദത്തിൽ,
നിധി – നിക്ഷേപത്തിൽ പകരട്ടെ;
എന്നെത്തന്നെ എടുത്താലും, ഞാൻ, അങ്ങനെ, എപ്പോഴും
സർവ്വവും, നിന്റേതുമാത്രം ആയിരിക്കും.[4]

ഏറ്റവും മികച്ച ഉപകാരങ്ങളായിരുന്നു ദൈവം നമുക്കു നല്കിയത്. നമുക്ക് ഇപ്പോൾ നമ്മുടെ ഏറ്റവും നല്ലതു കർത്താവിനു നല്കാം!

---

കുറിപ്പുകൾ

[1]നോഹയുടെ കാലത്ത് ജലപ്രളയം ഉണ്ടായപ്പോൾ പെട്ടകത്തിനു പുറത്തുള്ളവർ നശിച്ചുപോയപ്പോൾ പെട്ടകത്തിനകത്തുള്ളവർ രക്ഷപ്പെട്ടു. [2]സംരക്ഷണത്തിനായി ഓടിപോകേണ്ടതിന് വാഗ്ദാന ദേശത്ത് ദൈവം അവർക്ക് സങ്കേതപട്ടണങ്ങൾ നൽകിയിരുന്നു (സംഖ്യാപുസ്തകം 35). [3]ജീവിതത്തിൽ ആവശ്യമുള്ളതെല്ലാം നൽകും എന്നതിനെ സംബന്ധിച്ച്, ആവർത്തനപുസ്തകം 8:18 ഉം സങ്കീർത്തനങ്ങൾ 37:25 ഉം നോക്കുക. [4]ഫ്രാൻസെസ് ആർ. ഹാവെർഗൽ, "ടേക്ക് മൈ ലൈഫ്, ആന്റ് ലെറ്റ് ഇറ്റ് ബി," *സോങ്ങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്*, കോമ്പ്. ആന്റ് എഡ്. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ളിഷിങ്ങ് കമ്പനി., 1996, 165–89).

© 2009 Truth for Today